# തീവ്രവാദ പ്രതിരോധത്തെ കുറിച്ച് ബ്രിക്സ് കകർമ്മ സംഘത്തിന്റെ ആദ്യ സംയുക്ത യോഗം (സെപ്തംബർ 14, 2016)

സെപ്തംബർ 14, 2016

ബ്രിക്സ് അധ്യക്ഷ പദവി വഹിക്കുന്ന ഇന്ത്യ ബ്രിക്സ് കർമ്മ സംഘത്തിന്റെ തീവ്രവാദ പ്രതിരോധത്തെ കുറിച്ചുള്ള ആദ്യ സംയുക്ത യോഗത്തിന് സെപ്തംബർ 14, 2016
നു ന്യൂഡെൽഹിയിൽ ആതിഥേയത്വം വഹിച്ചു . ബ്രിക്സിലെ എല്ലാ അംഗരാജ്യങ്ങളുടെയും പ്രതിനിധികൾ പങ്കെടുത്തു

യോഗത്തിൽ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (പിപി& ആർ ) ശ്രീ സന്തോഷ് ഝാ അധ്യക്ഷം വഹിച്ചു . ബ്രസീൽ പ്രതിനിധിസംഘത്തെ അംബാസഡർ നെൽസൺ ആന്റോണിയോ തബജാര ഡേ ഒലിവേര, ചൈനയെ ശ്രീ ലിയു ഗുവാങ്ഗ്യുവാൻ , റഷ്യയെ ഇല്യ റോഗാചെവ്, ദക്ഷിണ ആഫ്രിക്കയെ ശ്രീ നകാമ്പെ മൈക്കേൽ എന്നിവർ നയിച്ചു

സ്വദേശീയ കാഴ്ചപ്പാടുകൾ , തീവ്രവാദവുമായി ബന്ധപ്പെട്ടുള്ള വിവിധ പ്രശ്നങ്ങൾ എന്നിവ യോഗത്തിൽ ചർച്ച ചെയ്തു, അതോടൊപ്പം ഭീഷണിയുടെ സംഭവനിരകളുടെ അവലോകനം, കാര്യ ശേഷി നിർമാണത്തിൽ ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിലുള്ള സഹകരണം , വിവരങ്ങൾ പങ്ക് വയ്ക്കൽ, സാങ്കേതികവിദ്യ പങ്ക് വയ്ക്കൽ, ഓൺലൈൻ പുരോഗമന തീവ്രവാദ പ്രതിരോധം അതേ പോലെ ഐക്യരാഷ്ട്ര സഭ, ഫിനാൻഷ്യൽ ആക്ഷൻ ഫോഴ്സ് തുടങ്ങിയ ബഹുമുഖ വേദികളിലെ സഹകരണം എന്നിവയും ചർച്ച ചെയ്യപ്പെട്ടു

ചർച്ചകൾ വളരെ തുറന്നതും സൌഹൃദം നിറഞ്ഞ ചുറ്റുപാടിലുമായിരുന്നു . തീവ്രവാദത്തെ കുറിച്ചുള്ള പ്രശ്നങ്ങളെക്കുറിച്ച് ബ്രിക്സ് അംഗരാജ്യങ്ങൾക്കിടയിൽ കൂടുതൽ അറിവ് നല്കുവാനും മനസിലാക്കുവാനും ചർച്ച സഹായിച്ചു, അതോടൊപ്പം വരും വർഷങ്ങളിൽ ഈ വിഷയം ഏറ്റെടുത്തു മുന്നോട്ട് കൊണ്ടുപോകാമെന്ന് പങ്കെടുത്ത എല്ലാവരും തീരുമാനിച്ചു

ന്യൂഡെൽഹി
സെപ്തംബർ 14, 2016